തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഇതിൽ രേഖകം കൊണ്ടു കാണുന്നത് ഒരു തൊഴിലാളി ഒരു ഡോക്ടറോട് അപമര്യാദയായി പെരുമാറിയതിനെത്തുടർന്ന് അദ്ദേഹത്തെ 22-1-1985-ൽ സസ്പെൻഡ് ചെയ്തതായിട്ടും യൂണിയൻ അതിന് ഒരു സ്ട്രൈക്ക് കാലം ഫോർ ചെയ്തതായിട്ടുമാണ്. 65 തൊഴിലാളികളുള്ള അവിടെ ഏഴു പേർ മാത്രമാണ് സ്ട്രൈക്കിൽ പങ്കെടുത്തത്. ഏഴുപേരേയും അവർ സസ്പെൻഡ് ചെയ്തു. 22-1-1985-ലാണ് പ്രശ്നമുണ്ടായതെങ്കിലും യൂണിയൻ 4-5-1985-ൽ മാത്രമാണ് ലേബർ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ ഈ പ്രശ്നം കൊണ്ടുവന്നത്. അന്നുമുതൽ കോൺഫറൻസുകൾ നടത്തുകയാണ്. യൂണിയന്റെ ആവശ്യപ്രകാരം തുടർന്നും അനുരഞ്ജനങ്ങൾ നടത്തുന്നതാണ്.

(4) കാവിലുംപാറ സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം

ശ്രീ. കെ. ടി. കണാരൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കാവിലുംപാറ സബ് രജിസ്ട്രാർ ഓഫീസ് ഈ കാലവർത്തിനുശേഷം പലപ്പോഴും പ്രവർത്തിക്കാറില്ല. 15 വർഷക്കാലമായി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടം പോർച്ചൊലിച്ച് അവിടെയുള്ള രേഖകൾ പ്ലാസ്റ്റിക് കടലാസുകൊണ്ട് മൂടിവച്ചിരിക്കുകയാണ്. പഞ്ചായത്തുവക ഷോപ്പിംഗ് കെട്ടിടത്തിലേക്ക് അടിയന്തിരമായി മാറ്റി സബ്രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സത്വരനടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്) : ഒരു വാടക കെട്ടിടത്തിലേക്ക് മാറാനായിട്ട് സ്ഥലം നോക്കിക്കൊണ്ടിരിക്കുകയാണ്. പുതിയ കെട്ടിടം പണിയാൻ 30 സെന്റ് സ്ഥലമെടുത്തുകഴിഞ്ഞു. പ്ലാൻ തയ്യാറാക്കി. ഉടനേതന്നെ വേണ്ടത് ചെയ്യുന്നതാണ്.

(5) മൂന്നാർ പ്രദേശത്തെ സ്കൂളുകളിലെ തമിഴ് അദ്ധ്യാപകരുടെ കുറവ്

ശ്രീ. ജി. വരദൻ : കല്വി അമൈച്ചർ അവർകളുടെ കവനത്തിറ്കു നാൻ നിലവറ്റൈ കൂറപ്പോകിറേൻ. തേവികുളം താലുകാവിൽ മൂന്നിൽ 5 ഉയർനിലൈ പള്ളികൾ ഉൾളന. ചെണ്ടുവരൈ, കൂടാരവല്ലയം, ചോത്തുപ്പാറൈ എൻറ ഇന്ത മൂൻറു ഉയർനിലൈ പള്ളികളിലും ആചിരിയർകൾ ഇല്ലാതതിനാൽ അങ്കുൾള മാണവർകൾ എവരും എസ്. എസ്. എൽ. സി. തേർവിൽ വെറ്റി പെറവില്ലൈ. കടന്ത ആണ്ടിൽ 4 പള്ളികളിൽ, ഇന്ത ആണ്ടു 3 പള്ളികളിൽ ഇവ്വാറു തോൽവിയുറ്റുള്ളനർ. നടുനിലൈ പള്ളികളിൽ 5, 6, 7 ഇന്ത മൂൻറു വകുപ്പുകളുക്കു തമിഴാ ചിരിയർകൾ കിടൈയാതു. അതുമട്ടുമില്ലാമൽ ആചിരിയർകൾ അങ്കു നിയമിക്കപ്പട്ടാലും അവർകൾ ഒരു നാൾ വന്തു ഹാജർ വൈത്തുവിട്ടു ലീവ് എടുത്തുക്കൊണ്ടു പോയ്വിടുകിറ്റർകൾ. ആകൈയാൽ അങ്കുൾള കുഴന്തൈകളുക്കു പടിക്ക വായ്പ്പു കിടൈപ്പതിലൈ. മേലും നെയ്യാറ്റിൻകരൈയിൽ ഉൾള Training School-ൽ തമിഴാചിരിയർകൾ ഇല്ലാതതിനാൽ അങ്കുൾള തമിഴ് മാണവർകൾ മികവും പാതിക്കപ്പടുകിറ്റർകൾ. അവർകളുടൈയ എതിർകാലം പാതിക്കപ്പടുകിറതു. ആകൈയാൽ അമൈച്ചർ അവർകൾ ഇതറ്കു ഒരു തനിപ്പട്ട ചട്ടം കൊണ്ടുവന്തു ഇന്ത തമിഴാചിരിയർകൾ പറ്റാക്കുറൈയൈ പോക്കുവതറ്കു തേവൈയാന നടവടിക്കൈകൾ എടുക്ക വേണ്ടുമെൻറു മികവും പണിവാക കേട്ടുക്കൊൾകിറേൻ.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ഏറ്റവും അർഹമായ പരിഗണനയും അവർക്കു ആവശ്യമായിട്ടുള്ള പ്രോൽസാഹനവും കൊടുക്കണമെന്നാണ് ഗവൺമെൻറ കരുതുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. നമ്മുടെ സംസ്ഥാനത്ത്, പ്രത്യേകിച്ചും, അദ്ധ്യാപകരുടേയും ഹൈസ്കൂളിൽ അദ്ധ്യാപകരുടേയും മൊത്തത്തിൽ 63 അദ്ധ്യാപകരുടെ കുറവാണുള്ളത്. പി.എസ്.സി. യുടെ ലിസ്റ്റ് ഇല്ല. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ ട്രെയിൻ ചെയ്തിട്ടുള്ള അദ്ധ്യാപകരുമില്ല. ഇതാണ് സ്ഥിതി. ഇങ്ങനെയുള്ള സാഹചര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളതു സംബന്ധിച്ച് ഗവൺമെൻറ് ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ട്രെയിനിംഗ് ഇല്ലാത്ത തമിഴ് അദ്ധ്യാപകരെ നിയമിക്കാം. ട്രെയിനിംഗ് സ്കൂളിൻറെ കാര്യം ശ്രദ്ധയിൽപ്പെടുത്തി. അതും ശരിയാണ്. കഴിയുന്നതും വേഗത്തിൽ ആ സ്ഥലങ്ങളിൽ അദ്ധ്യാപകരെ നിയമിക്കുകയും ട്രെയിനിംഗ് ഇല്ലാത്ത അദ്ധ്യാപകർ ആണെങ്കിൽപോലും കുട്ടികളുടെ പഠനത്തെ ബാധിക്കാത്ത നടപടികളും സ്വീകരിക്കുന്നതാണ്.

(6) കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിലെ ശുദ്ധജല ക്ഷാമം

ശ്രീ. പി. എം. അബൂബക്കർ : സർ, അടിയന്തിര പ്രമേയത്തിൻറെ പ്രാധാന്യമുള്ള ഒരു വിഷയമാണ് ഞാൻ ഈ സഭയിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ വടക്കൻ പ്രദേശത്തുള്ള 6 ജില്ലകൾക്ക് ഉപയോഗമുള്ളതാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി. ആ ആശുപത്രി യഥാർത്ഥത്തിൽ ഇന്ന് ഒരു നിത്യരോഗി ആയിത്തീർന്നിരിക്കുകയാണ്. ആശുപത്രി വികസനസമിതി ആശുപത്രിയെ ബാധിക്കുന്ന നിരവധി കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെൻറിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഞാൻ അതിൻറെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. പക്ഷേ പ്രധാനമായിട്ടുള്ള ഒരു പ്രശ്നം അവിടെ ജലക്ഷാമമുണ്ടെന്നുള്ളതാണ്. കഴിഞ്ഞ കുറേക്കാലമായി ജലക്ഷാമം രൂക്ഷമായി മെഡിക്കൽ കോളേജിൽ അനുഭവപ്പെടുന്നു. ജലക്ഷാമത്തിൻറെ പേരിൽ കഴിഞ്ഞ എതാനും ദിവസങ്ങളിൽ അവിടെ ഓപ്പറേഷനുകൾ നിർത്തലാക്കേണ്ടി വന്നു. ആ കാരണംകൊണ്ട് മാത്രം നാല് രോഗികൾ മരിച്ചുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. മനഷ്യജീവൻകൊണ്ട് പന്താടുന്ന ഏർപ്പാട് ഗവൺമെൻറ് ദയവായി നിർത്തലാക്കണം. ഞാൻ അതിൻറെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ആരംഭിച്ചത് 27 കൊല്ലങ്ങൾക്ക് മുൻപാണ്. അവിടെ ഒരു വാട്ടർടാങ്ക് മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. കഴിഞ്ഞ 27 വർഷംകൊണ്ട് പല മാറ്റങ്ങളും മെഡിക്കൽ കോളേജ് ആശുപത്രിക്ക് ഉണ്ടായി. എന്നാൽ ആ വാട്ടർടാങ്കിനെ സംബന്ധിച്ചിടത്തോളം യാതൊരു പുരോഗതിയും വളർച്ചയും ഉണ്ടായിട്ടില്ല. രണ്ടാമത് ഒരു വാട്ടർടാങ്കിനുവേണ്ടിയുള്ള നിർദ്ദേശം ഗവൺമെൻറിൻറെ മുൻപിൽ വളരെ കാലമായി ഇരിക്കുകയാണ്. അത് വിപുലമായ ഒരു പദ്ധതിയാണ്. ആ പദ്ധതി പെട്ടെന്ന് നടപ്പിലാക്കാൻ സാധിക്കുകയില്ലെങ്കിലും അടിയന്തിരമായി ശുദ്ധജല വിതരണത്തിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിന്, ഓപ്പറേഷൻ നടത്തുന്നതിന് വേണ്ടിയുള്ള സൗകര്യം ചെയ്തുകൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly